# അക്ഷരമൊഴി


EXCELSIOR
ST.JOSEPH'S
HIGHER SEC. SCHOOL FOR GIRLS, ALPY.
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
little
KITEs

# ആമുഖം

കേരള സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട ഇന്ത്യയിലെ ഏറ്റവും വലിയ ഐ.സി.റ്റി. കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സ് വിവര വിനിമയ സാങ്കേതികവിദ്യയുടെ കവാടങ്ങളാണ് ഞങ്ങൾക്കുമുമ്പിൽ തുറന്നിടുന്നത്. ഈ സംരഭത്തിന്റെ ഭാഗമായി സെന്റ് ജോസഫസ് ജി.എച്ച്.എസ്.എസ് ലെ വിദ്യാർത്ഥികളിൽ നിന്നുള്ള സർഗാത്മകരചനകൾ "അക്ഷരമൊഴി" എന്ന ഈ ഡിജിറ്റൽ മാഗസിനിൽ ഉൾകൊള്ളിച്ചിരിക്കുന്നു.

എഡിറ്റർ

ശിഫ ഫാത്വിമ എസ്

# ആശംസ

'അക്ഷരമൊഴി'യിൽ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത വിവിധ ഭാവങ്ങളിൽ പീലി വിടർത്തിയിരിക്കുന്നു. ഈ കൊച്ചു സൃഷ്ടികൾ ഏറെ ശ്രേഷ്ഠം തന്നെ. ഇവരുടെ സർഗ്ഗവാസനയെ പൂവണിയിക്കുവാൻ സഹായിച്ച എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

ആശംസകളോടെ,

റവ.സിസ്റ്റർ .സിജി.വി.റ്റി

ഹെഡ്മിസ്ട്രസ്സ്

# ആശംസ

ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.സി.റ്റി കൂട്ടായ്മയായ ലിറ്റിൽ കൈറ്റസ് , സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകളാണ് വിദ്യാർത്ഥികൾക്കുമുമ്പിൽ തുറന്നിടുന്നത്. വിവിധ പരിശീലനങ്ങളിലൂടെയും വിദഗ്ധരുടെ ക്ലാസുകളിലൂടെയും ക്യാമ്പുകളിലൂടെയും കുട്ടികളെ വിവരസാങ്കേതിക വിദ്യയോട് അടുപ്പിക്കാൻ ഈ പദ്ധതി ഏറെ പ്രയോജനപ്പെടുന്നുണ്ട്. അഭിമാനാർഹമായ പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് നമ്മുടെ വിദ്യാലയത്തിൽ കാഴ്ച്ചവെക്കുന്നത്. ഇതിന്റെ ഭാഗമായി കുട്ടികളുടെ സർഗാത്മകരചനകൾ ഉൾപ്പെടുത്തികൊണ്ട് തയാറാക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിന് പിന്നിൽ അക്ഷീണം പ്രവർത്തിച്ച അധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നതിനോടൊപ്പം ഈ ക്ലബിന്റെ പ്രവർത്തനങ്ങൾ ഉത്തരോത്തരം വളരാൻ ഇടയാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

ഷൈനി.എൽ

അധ്യാപിക

# ആശംസ

നമ്മുടെ വിദ്യാഭ്യാസരംഗം, കാലോചിതമായ പരിവർത്തനങ്ങൾക്ക് വിധേയമായികൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ അറിവിന്റെ പുതിയ വാതായനങ്ങൾ കുട്ടികൾക്ക് മുമ്പിൽ തുറക്കപ്പെടുന്നു.നിലവിലുള്ള പഠനരീതികളെ ഐറ്റിയുടെ നൂതനസങ്കേതങ്ങളുപയോഗിച്ച് അവതരിപ്പിക്കുമ്പോൾ അത് കുട്ടികളുടെ പഠനാഭിമുഖ്യം വളർത്തുന്നു എന്നതിൽ തെല്ലും സംശയമില്ല. ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ സാങ്കേതിക മികവ് തെളിയിക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിലും നടന്നുവരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. അതിന്റെ ഭാഗമായാണ് സർഗാത്മകരചനകൾ കോർത്തിണക്കിക്കൊണ്ട് ഇദം പ്രഥമമായി ഒരു ഡിജറ്റൽ മാഗസിൻ ഈ കലാലയത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്നത്. ഇതിന്റെ അണിയറ ശിൽപ്പികളായ എല്ലാ അദ്ധ്യാപകരേയും വിദ്യാർത്ഥികളെയും നിറഞ്ഞ മനസ്സോടെ അഭിനന്ദിക്കുന്നതിനോടൊപ്പം ഇതുപോലുള്ള ഡിജിറ്റൽ സംഭാവനകൾ ധാരാളമായി നൽകാൻ ഇടയാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

മറിയമ്മ തോമസ്


അധ്യാപിക

# ഉള്ളടക്കം


| Sl.No | രചനകൾ | വിഭാഗം | പേജ് |
|---|---|---|---|
| 1 | അമ്മ | കവിത | 8 |
| 2 | അനാഥ | കവിത | 11 |
| 3 | എന്റെ രാജ്യം | കവിത | 13 |
| 4 | കാണപ്പെടുന്ന ദൈവങ്ങൾ | കവിത | 14 |
| 5 | വിഡ്ഢികൾ | കഥ | 15 |
| 6 | ഓർമ്മയിൽ എൻ ബാല്യകാലം | കവിത | 16 |
| 7 | ഒരു കുടയും കുഞ്ഞുപെങ്ങളും | വായനക്കുറിപ്പ് | 17 |
| 8 | ഓടയിൽനിന്ന് | വായനക്കുറിപ്പ് | 18 |
| 9 | ലഹരി | ഉപന്യാസം | 19 |
| 10 | മൺസൂണിൽ സുന്ദരിയായ അതിരപ്പള്ളി | യാത്ര | 22 |
| 11 | അധ്വാനം സമ്പത്ത് | കവിത | 25 |

| | | | |
|---|---|---|---|
| 12 | ഏപ്രിൽ ഫൂൾ | കഥ | 26 |
| 13 | മാന്ത്രിക തൊപ്പി | കഥ | 27 |
| 14 | മഴ | കവിത | 29 |
| 15 | പ്രഥമ പ്രതിശ്രുതി | വായനാക്കുറിപ്പ് | 30 |
| 16 | മഴയേ വരാമോ | കവിത | 33 |
| 17 | സ്നേഹം | കവിത | 35 |
| 18 | സ്നേഹം മനസ്സിലാക്കാത്തവർ | കഥ | 36 |
| 19 | വീണ്ടും തളിർക്കുമി ചില്ലകൾ | കഥ | 38 |
| 20 | പ്രകൃതിയോട് | കവിത | 41 |
| 21 | വീട് | കവിത | 42 |
| 22 | സുപ്രഭാതം | കവിത | 43 |
| 23 | A slice of life | Poem | 44 |
| 24 | Beauty in God | poem | 45 |
| 25 | Blind girl | story | 47 |
| 26 | Children's day | speech | 48 |
| 27 | photos | | 50 |

# അമ്മ



മക്കളായി നാലുപേരുണ്ടെങ്കിലും അമ്മ
ഏകയാണേകയാണീയൂഴിയിൽ
അച്ഛൻ മറഞ്ഞൊരു കാലം മുതൽക്കമ്മെ
ഭാരമായ് തീർന്നല്ലോ നാലുപേർക്കും?
നാഴരി മണ്ണും പകുത്തെടുത്ത മക്കൾ
നാലുവഴിക്കായി പിരിഞ്ഞു പോയി
അച്ഛന്റെയാത്മാവുറങ്ങുന്ന
മണ്ണിലന്നന്തിത്തിരി കൺതുറന്നതില്ല
ഉള്ളം തുളുമ്പുന്നൊരോർമ്മകൾ
നോവിന്റെയാഴം പെരുക്കിച്ചിതയെരിയിച്ച
ദൃശ്ശകുനം പോലെയമ്മയെക്കണ്ടൊരാ
മക്കൾ നടന്നുമറയുന്നതും നോക്കി
നെഞ്ചുപൊളിഞ്ഞമ്മ നീറിനിന്നു
ചെല്ലക്കഥകൾ നുകർന്നു രസിച്ചൊരാ
പേരക്കിടാവോടിവന്ന നേരം
ശാസിച്ച നിർത്തി മരുമകളെങ്കിലും

മുത്തശ്ശിക്കൊപ്പമൊന്നോടിയെത്താൻ

കൈ നീട്ടി നിന്നു കരഞ്ഞു പൈതൽ

അന്യയായമ്മൂമ്മനൊന്തു നിൽക്കെ

വിങ്ങിനുറുങ്ങിയോ കുഞ്ഞിൻ മനം

നിർമലർ ബാല്യമേ നിന്നിൽ

പക നട്ടൊരച്ഛനും അമ്മയും എന്തുനേടി?

മക്കളെ ഓർക്കുക തീരാത്തദുരിതമായ്

നിങ്ങളെഴുന്നൊരനുതാപമായ്

തീരുമീമാതൃശാപം

ആരോ വിലയിട്ടൊരാനാലുകെട്ടിന്റെ

നോവുപോലമ്മപകച്ചുനിന്നു

പോകാനിടമില്ലായെന്നൊരു ദുഖമല്ലമ്മതൻ

നെഞ്ചിൽ തിളച്ചതപ്പോൾ

മഴയിലും പൊള്ളുന്നപകലിലും മക്കൾക്കായ്

ഓടിത്തളർന്നൊരാ അച്ഛന്റെ രൂപമാണമ്മയെ

ഉള്ളം തപിപ്പിച്ചു കൊണ്ടുപോയി

അച്ഛൻ മറഞ്ഞതിൽ പിന്നെയീയമ്മയെ

എന്തേ കിടാങ്ങൾ മറന്നുപോയി

നേരമില്ലമ്മയെ നോക്കുവാനെന്നല്ലോ

മക്കളുമൊന്നായ് പറഞ്ഞെങ്കിലും

നാൽവരില്ലാരെങ്കിലും വന്നു

കൈപ്പിടിച്ചൊപ്പം

നടക്കുമെന്നാശിച്ച

ആശകൾ പിന്നെയും ബാക്കിയായി

പാതിവഴിയിൽ മറഞ്ഞൊരച്ഛന്റെ

ഓർമ്മയിലമ്മ പിടിഞ്ഞുവീഴ്കെ

കൈപിടിച്ചാരോ നടത്തിയീയമ്മയെ

ശരണാലയത്തിൻ കവാടംവരെ.

ഏകയായ് തീർന്നൊരീ അമ്മതൻ നെഞ്ചിലെ

തീയൊന്നണയുവാൻ

ഒരുവട്ടമെങ്കിലും പോരുമോ മക്കളെ

ഈവഴിയെ

പ്രതിക്രിയയായിവന്നു കൂട്ടിയാലും

തീരുമോ മക്കളെ നിങ്ങളെപോറ്റിയ

പെറ്റവയറിന്റെ തീരാക്കടം???പ്രതിക്രിയയായിവന്നു കൂട്ടിയാലും

തീരുമോ മക്കളെ നിങ്ങളെപോറ്റിയ

പെറ്റവയറിന്റെ തീരാക്കടം???

നമൃത എസ്

IX A

# അനാഥ

അനാഥയായി ജനിച്ചതല്ല ,പിന്നെ

അനാഥയായി തീർന്നതെന്തേ ?

നാഥരില്ലാത്തവരായി തീർന്നതെന്തേ?

ലാളിക്കാൻ അമ്മയുടെ കരങ്ങളില്ല

ഉയർത്തിയെടുക്കാൻ അച്ഛന്റെ കരങ്ങൾ

നീണ്ടതില്ല

സ്നേഹിക്കപ്പെടുന്നത് കാണമെൻ

മിഴികൾ നിറയുന്നത് കാണാൻ ആരുമില്ല

കൊഞ്ചിക്കാനും വഴക്കിടാനും കുഞ്ഞു

സഹോദരങ്ങൾ മാത്രം

അവർക്കും അനാഥരെന്ന പേർ

ആരും അനാഥരായി ജനിക്കുന്നില്ല

അനാഥരാക്കീടുന്നതും നാഥർ തന്നെ

അവരറിഞ്ഞീടുന്നില്ല ഇടനെഞ്ചിലെ

നീറ്റൽ നാഥനില്ലാത്തവനെന്ന വിളിപ്പേരു

വീഴ്ത്തിയതും എന്തിന് ?

സ്നേഹം വിധിക്കപ്പെടാത്തവർ

ജീവിതം അർഹിക്കാത്തവർ

എന്നും നാഥനില്ലാത്ത വരെന്ന

പേരും നിറമിഴികളും നൊമ്പരവും

അനാഥമായ എനിക്ക് കൂട്ട്

ഹാശ്മി എച്ച്

X.F

# എന്റെ രാജ്യം

പെറ്റമ്മയാണെന്റെ രാജ്യത്തിൻ ശിരസ്സിൽ
ഞാൻ മെല്ലെ തലചായ്ച്ചുറങ്ങും നേരം
ഏതോ ഓടകുഴൽ മന്ത്രം പോൽ
എൻ രാജ്യമെന്നോട്ട മൊഴിഞ്ഞുമെല്ലെ
നിൻ മാനസ സ്മൃതിയിൽ പെറ്റമ്മയാകു-
മെൻ പേരു നീയെന്നും കാത്തിടേണം
ത്രിവർണ്ണ പതാക നീയേന്തി നിൽക്കേണം
അഭിമാനം മനസ്സിൽ നിറഞ്ഞിടേണം
സത്യമേവ ജയതേ എന്നുള്ള വാക്യം
ദൃഢമായി മനസ്സിൽ പതിഞ്ഞിടേണം
ത്യാഗത്തിൻ തങ്കത്തിളക്കമാർന്ന് നീയെന്നും
അമ്മതൻ നാമം കാത്തിടേണം.
സ്നേഹത്തിൻവർണ്ണപ്പുടവകൾ നീയെന്നു-
മെന്മാറിൽ മെല്ലെചാർത്തിടേണം .
സത്യത്തിന്നോമൽ കിടാവായീടുവാൻ
എന്നെന്നുമെന്നിൽ കനിവാകണം



വീണ.ജി

IX D

# കാണപ്പെടുന്ന ദൈവങ്ങൾ

ആകാശ കൊമ്പിൻ മേൽ

ഊഞ്ഞാലിലാടുവാൻ കൊതി-

ക്കുന്ന കുരുന്നു മനസ്സുകൾ താങ്ങും

തണലുമായി കൂടെ ഉണ്ടാകുവാൻ

കൊതിക്കുന്ന കുഞ്ഞുങ്ങൾ.

അച്ഛനമ്മമാരുടെ  നന്മ പകരാൻ ഭൂമിയിൽ

അവതരിച്ച ദൈവങ്ങൾ കുരുന്നുകൾ

വിദ്യാമൃതം പകരുന്ന വിദ്യാലയങ്ങളാണ്

കുടുംബം ഈശ്വരസാന്നിധ്യമുള്ള ഇടമാണ്

കുടുംബാഗങ്ങൾ ഭൂമിയിലെ കാണപ്പെടുന്ന

ദൈവങ്ങളാണ് അച്ഛനമ്മമാർ നമ്മളെ ജീ-

വനു തുല്യം സ്നേഹിക്കുന്നു അവരെ നാം ഒരി-

ക്കലും നിരാശയിൽ ആഴ്ത്തരുത്.നാം അവരെ

ദൈവത്തിനെ പോലെ കാണുകയും പൂജിക്ക-

കയും വേണം

ദിയ ഐസക്      VI E

# വിഡ്ഢികൾ

വനത്തിൽ ഭയങ്കര തണുപ്പ്.പാറകൾ പോലും

തണുത്തുമരവിച്ചിരിക്കുന്നു.ഒരു കൂട്ടം കുരങ്ങന്മാർ തണുത്തു

വിറച്ചിരിക്കുന്നു.ഒരൽപം തീ കിട്ടിയിരുന്നെങ്കിൽ തണുപ്പിൽ നിന്നും

രക്ഷപ്പെടാമായിരുന്നു. അവർ ചിന്തിച്ചു. കുരങ്ങിലൊന്ന് ഒരു മിന്നാമിനു

ങ്ങിനെ പിടിച്ചു.നമ്മുക്ക് ഈ തീപ്പൊരി ഊതി തീയാക്കി തണുപ്പിൽ

നിന്നും രക്ഷപ്പെടാം. അവർ മിന്നാമിനുങ്ങിന്റെ നേരെ ഊതാൻ തുടങ്ങി.

ഒരു കൊച്ചുകിളി മരത്തിൽ നിന്ന് ഇതെല്ലാം കണ്ടുകൊണ്ടിരുന്നു.

“വിഡ്ഢികുരങ്ങന്മാരെ അതു മിന്നാമിനുങ്ങാണ് തീയല്ല അതിനു

ചൂടില്ല.അതിനെ ഊതിയൂതി തീയാക്കാൻ പറ്റില്ല".ഏതെങ്കിലും

ഗുഹയിൽ പോയിരുന്നു തണുപ്പിൽ നിന്ന് രക്ഷപ്പെട്ടു.പക്ഷേ ഈ

ഉപദേശം കുരങ്ങന്മാർ സ്വീകരിച്ചില്ല.

ഊതിയൂതി തളർന്ന കുരങ്ങന്മാർക്ക് വല്യദേഷ്യം വന്നു.തണുപ്പിൽ

നിന്നു മുക്തി ലഭിക്കാത്ത അവർ കിളി പറഞ്ഞ നിർദേശം

അനുസരിക്കേണ്ടി വന്നു.അവസാനം കുരങ്ങന്മാർ തണുപ്പിൽ നിന്നും

രക്ഷപെടാൻ ഗുഹക്കുള്ളിൽ കയറിയിരുന്നു.

ആസിയ അലീഖാൻ

V B

# ഓർമ്മയിൽ എൻ

# ബാല്യകാലം

വെമ്പുന്ന ഞാനേറെ  നീന്തിതുടിക്കുവതുമ്പമാം
ബാല്യത്തിൻ ഓർമ്മകളിൽ
മാമ്പൂ മണക്കുന്ന പൂന്തേൻ തുളുമ്പുന്ന
അൻപിൻ മടിയിൽ തലചായ്ച്ചിടാൻ
വാത്സല്യമൂറുന്നയമ്മതൻപുഞ്ചിരി
ഓർമ്മയിൽ പാൽനിലാവായിടുന്നു
പിച്ചവെച്ചീടുമ്പോളച്ഛന്റെ കൈവിരൽ
തെറ്റാതെയെന്നെ നയിച്ചിരുന്നു
മോഹമുണ്ടെന്നുള്ളിൽ ഓടിക്കളിക്കാൻ
ബാല്യത്തിലെന്റെ ചങ്ങാതിക്കൊപ്പം
നേട്ടങ്ങളുൾകൊണ്ട് മുന്നേറുവാനായ്
വിദ്യാലയപ്പടിയേറിയതും തെളിവാർന്നദീപമായി
അറിവിന്റെ പാതയിൽ നെറിവിന്റെ ചൊല്ലുമായ്
തെളിയുമമ്മ ഒഴുകി വരുന്നെന്റെ ബാല്യകാലം
ഓർമ്മയിൽ വറ്റാത്ത അരുവിയായി



ദൃശ്യ ബൈജു
IX C

# വായനാക്കുറിപ്പ്

## ഒരു കുടയും കുഞ്ഞുപെങ്ങളും

പ്രശസ്ത കഥാകൃത്തായ മുട്ടത്തുവർക്കിയുടെ നോവലായ ഒരു കുടയും കുഞ്ഞുപെങ്ങളും എന്ന കഥയിൽ നിന്ന് എനിക്ക് ലഭിച്ച ഏതാനും അനുഭവങ്ങളാണ് ഞാൻ ഈ കുറിപ്പിലൂടെ നിങ്ങളെ അറിയിക്കുന്നത്. ഒരു കൊച്ചു ഗ്രാമത്തിൽ ജന്മിയുടെ കീഴിൽ താമസിക്കുന്ന ഒരു കുടുംബത്തിലെ കുട്ടിയാണ് ലില്ലി. അവളുടെ സഹോദരനാണ് ബേബി. ഈ കുട്ടികളുടെ മാതാപിതാക്കൾ മരിച്ചുപോയിരുന്നു. അതിനാൽ ലില്ലിയും ബേബിയും അവരുടെ അമ്മയുടെ ചേച്ചിയുടെ വീട്ടിലാണ് താമസിച്ചിരുന്നത്. അമ്മയുടെ ചേച്ചി ജോലി ചെയ്തിരുന്ന വീട്ടിലെ കുട്ടിയാണ് ഗ്രേസി. ഇവരാണ് കഥയിലെ കേന്ദ്ര കഥാപാത്രങ്ങൾ. ലില്ലിയുടെ കഷ്ടപ്പാടുകളെപ്പറ്റിയാണ് ഈ പുസ്തകത്തിൽ വിവരിക്കുന്നത്.

അന്ന അനലു




VI G

# വായനാക്കുറിപ്പ്
# ഓടയിൽ നിന്ന്

മലയാളത്തിന് ഒരുപിടി സമ്മാനങ്ങൾനൽകിക്കൊണ്ട് പ്രശസ്തനായ കഥാകൃത്ത് പി. കേശവദേവ് എഴുതിയ നോവലാണ് ഓടയിൽ നിന്ന്.ഒന്നിനും വേണ്ടിയല്ലാത്ത, സ്നേഹമാണ് ഈ കൃതിയുടെ അടിസ്ഥാനഭാവം. അനാഥനായി വളരേണ്ടിവന്ന ഒരു റിക്ഷാക്കാരന്റെ ജീവിതകഥയാണിത്. ജീവിതത്തിൽ അപ്രതീക്ഷിതമായി കണ്ടു-മുട്ടിയ ഒരു പെൺകുട്ടിയോട് തോന്നിയ പിതൃതുല്യമായ വാത്സല്യം അയാളുടെ ജീവിതത്തിന് പുതിയ പ്രതീക്ഷകൾ നൽകുകയാണ്. അവൾക്കുവേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവച്ച അയാൾക്ക് പക്ഷെ ആ സ്നേഹം തിരിച്ചു ലഭിക്കുന്നില്ല. അവൾ വലുതായപ്പോൾ പപ്പു (റിക്ഷാക്കാരൻ) അവളുടെ വിവാഹം നടത്തിക്കൊടുത്തു. അവസാനം അവൾ പപ്പുവിനോട് മാപ്പ് പറയുന്നു. വൈരുധ്യം നിറഞ്ഞ ജീ-വിത യാഥാർഥ്യത്തെ അവതരിപ്പിക്കുകയാണ് പി. കേശവദേവ് ഈ നോവലിൽ. പപ്പു എന്ന കഥാപാത്രം വായനക്കാരെ ഏറെ ആകർഷിക്കുന്നു. ഈ നോവൽ അദ്ദേഹം വളരെ മനോ-ഹരമായി വർണിച്ചിട്ടുണ്ട്. ഈ നോവൽ വായിക്കുന്ന ഏതൊരാളുടേയും മനസ്സ് അലിഞ്ഞുപോകും.

അലീന എസ്

VI G

# ഉപന്യാസം

എത്ര കണ്ടാലും കേട്ടാലും കൊണ്ടാലും പഠിക്കാത്തവർ മനുഷ്യരാണോ അത്തരക്കാർ മനുഷ്യനാണെങ്കിൽ തന്നെ അവർ മഠയന്മാരാണ്. മഠയത്തരം മാത്രമേ അവരുടെ ചിന്തയിലുള്ളൂ.അങ്ങനെ ചിലരുടെ ഹൃദയത്തിൽ കിടക്കുന്ന ഒന്നാണ്......ലഹരി.

## ലഹരി

## കുടുംബ ജീവിതങ്ങൾ വഴിമുട്ടിക്കുന്നു

കൂടുതൽ കുടുംബങ്ങളും ആശ്രയിക്കുന്നത്

ആ വീട്ടിലെ ഓരോ ആൺതരിയിലുമാണ്. അയാൾ മദ്യത്തിനും പുകവലിക്കും മയക്കുമരുന്നിനും അടിമയായാൽ ആ കുടുംബത്തിന്റെ മുഴുവൻ ചില്ലകളും ഒടിഞ്ഞുവീഴുന്നതിനു തുല്യമാണ്. പിന്നെ ആ കുടും-ബമാകുന്ന മരത്തിന് ജീവനില്ല. ആ മരംകൊണ്ട് ഇനിയൊരു ഗുണവുമില്ല. മദ്യം കൊടുക്കരുത്, വാങ്ങരുത്, കുടിക്കരുത് എന്ന് പറഞ്ഞ ശ്രീനാരായണ ഗുരുവിന്റെ നാട്ടിൽ ഇന്ന് ലഹരിയുടെ ഉപ-യോഗം അതിതീവ്രമാണ്. അങ്ങനെയൊക്കെ ചെയ്യുന്നത് നമ്മുടെ പൂർവ്വികരെ അപമാനിക്കുന്നതിന് തുല്യമാണ്. ലഹരിയുടെ ഉപയോഗം കാരണമാണ് നമ്മുടെ ഈ മനോഹരമായ ലോകത്തുനിന്നും ചി-ലർ വേറൊരു ലോകത്തേക്കു പോകുന്നത്. അതേ, കൂടുതൽ യുവത്വങ്ങളേയും ആത്മഹത്യയിലേക്കുനയിക്കുന്നത് ലഹരിയുടെ അമിതമായ ഉപയോഗമാണ്. ഇവ കാരണം നമുക്ക് ഒരു നേട്ടവും ഉണ്ടാ-ന്നില്ല. മറിച്ച്, നഷ്ടം മാത്രമേ ഉണ്ടാകുന്നുള്ളൂ.

# മദ്യപാനം

മദ്യപിക്കുന്നതിലൂടെ നമ്മുടെ കരളിന് ഒരുപാട് തകരാറ് സംഭവിക്കുകയും ഹാർട്ട് അറ്റാക്ക് പോലെയുള്ള മാരകമായ രോഗങ്ങൾ നമ്മെ പിടുകൂടുകയും ചെയ്യുന്നു. മദ്യപിച്ച് വണ്ടിയോടിക്കരുത് എന്ന് പറയുകയും ബോർഡുകൾ വയ്ക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇതൊക്കെ പാലിക്കുന്നവർ ചുരുക്കമാണ്. ഇന്നത്തെ യുവത്വത്തിന് ഇതൊന്നുംബാധകമല്ല. ആരെയും നോക്കാതെ സ്വന്തം ഇഷ്ടത്തിന് പോവുക എന്നതാണ് അവരുടെ ജീവിതത്തിന്റെ പ്രധാന ആശയം. മദ്യം എന്ന് പറയുന്നത് കുപ്പികളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ഒരുതരം വിഷമാണ്. ഇന്നത്തെക്കാലത്ത് ഏറ്റവും കൂടുതൽ പണമുള്ളത് ആരുടെ കൈയിലാണെന്ന് ചോദിച്ചാൽ ഒരു മടിയും കൂടാതെ പറയാൻ കഴിയും ബാർ ഉടമകൾക്കാണെന്ന്. ഏതെങ്കിലും ആഘോഷങ്ങൾ ഉണ്ടായാൽ അതിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നതും അവർ തന്നെയാണ്.

# മയക്കുമരുന്ന്

മയക്കുമരുന്ന് കൂടുതലായും ഉപയോഗിക്കുന്നത് യുവ തലമുറയാണ്. നാളെയുടെ വാഗ്ദാനമാകേണ്ടവർ ഇങ്ങനെയാണെങ്കിൽ കുറച്ചു നാളുകൾ കഴിയുമ്പോൾ നമ്മുടെ നാടിന്റെ അവസ്ഥ എന്തായിത്തീരും! ഒരോ യുവതീയുവാക്കളും മയക്കുമരുന്നിന് അടിമപ്പെടുന്നത് ഓരോരോ പുഷ്പങ്ങൾവാടിവീഴുന്നതിന് തുല്യമാണ്. മയക്കുമരുന്ന് ഉപയോഗിക്കുമ്പോൾ അത് നമ്മുടെ മനസ്സിനെയും ബുദ്ധിയേയും അതീവമായി ബാധിക്കുകയും മാനസികനില തകരാറിലാക്കുകയും ചെയ്യും.

# പുകവലി

പുകവലിക്കുന്നതിലൂടെ അത് ബാധിക്കു-ന്നത് ഒരാളെ മാത്രമല്ല. അയാളുടെ ചുറ്റിനുമുള്ള ഓരോ വ്യക്തിയെയുമാണ്. ഒരാൾ പുകവലിക്കുമ്പോൾ ആ പുക മറ്റുള്ളവരുടെ ഉള്ളിലേക്കും കടന്നുചെല്ലും. അങ്ങനെ ആയിരങ്ങൾക്കാണ് അസുഖ-മുണ്ടാവുക. പുകവലിക്കുന്നതിലൂടെ ക്യാൻസർ, ബ്രോങ്കൈറ്റിസ് തുടങ്ങിയ മാരകരോഗങ്ങൾ നമ്മെ പിടികൂടുന്നു.

എല്ലാവരും പറയാറുണ്ട്, നല്ലൊരു തലമുറയ്ക്കായി സ്വപ്നം കാണാമെന്ന്. വാസ്തലത്തിൽ അങ്ങനൊരു തലമുറ ഇതുവരെ പ്രാവർത്തികമായിട്ടില്ല. നല്ല നാളേയ്ക്കായി സ്വപ്നം കാണാതെ അത് പ്രാവർത്തികമാക്കാൻ നമുക്കൊന്നിച്ച് മുന്നേറാം.

അന്ന റോസ് ആന്റണി
VI C

# മൺസൂണിൽ സുന്ദരിയായി



# അതിരപ്പിള്ളി.....

ചാലക്കുടിയിൽ നിന്നാണ് എന്റെ യാത്ര ആരംഭിക്കുന്നത്. ചാലക്കുടിയിലെ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിൽ നിന്ന് രാവിലെ 8 : 30 ന് ഞങ്ങൾ ജങ്കിൾ സഫാരി ബസിൽ അതിരപ്പിള്ളി- വാഴച്ചാൽ വെള്ളച്ചാട്ടങ്ങൾ കണ്ട് ഷോളയാർ മഴക്കാടുകൾ പിന്നിട്ട് മലക്കപ്പാറയിലേക്കുള്ള മൺസൂൺ യാത്ര ആരംഭിച്ചു....

ചാലക്കുടിയിൽ നിന്ന് അതിരപ്പിള്ളി-യിലേക്കുള്ള 12 കിലോമീറ്റർ കഴിഞ്ഞ് തുമ്പൂർമുഴി പുഴയാണ് ആദ്യ ആകർഷണം. കണ്ടിട്ടുള്ളതും കാണാത്തതുമായ ആയിരം പൂക്കളുടെ വസന്തം. ആ പൂക്കളിൽ നിന്നും തേൻ നുകർന്നും മറ്റും പാറി നടക്കുന്ന സുന്ദരി പൂമ്പാറ്റകൾ ആ പൂന്തോട്ടത്തിന്റെ മാറ്റ് കൂട്ടുന്നു. ഒന്നു തൊടാൻ നോക്കുമ്പോൾ വ്യത്യസ്തമായ നിറങ്ങൾ പാറിപ്പറക്കുന്ന മനോഹരമായ കാഴ്ച എന്നെ ഒരുപാട് ആകർഷിച്ചു. ലെമൻ ബട്ടർഫ്ലൈ , ഡാർക്ക് ബ്ലൂ ബട്ടർഫ്ലൈ , തുടങ്ങി 148 ഇനം പൂമ്പാറ്റകളുണ്ടെന്നാണ് ഞങ്ങളുടെ സഹായി നാരായണൻ അങ്കിൾ പറഞ്ഞത്.

തൃശ്ശൂരിനേയും എറണാകുളത്തേയും ബന്ധിപ്പിക്കുന്ന തുമ്പൂർമുഴിയിലെ  തൂക്കുപാലത്തിനു താഴെ ചെക്ക് ഡാം. രണ്ടു

ജില്ലകളിലേക്കും കാർഷികാവശ്യത്തിനായി വെള്ളം ഒഴുകുന്ന കനാലുകൾ. തൂക്കുപാലമിറങ്ങി വാച്ച് ടവറും ചിൽഡ്രൻസ് പാർക്കും.

പൂമണം നിറഞ്ഞ തുമ്പൂർമുഴി പിന്നിട്ട് അതിരപ്പിള്ളിയിലേക്ക് യാത്ര തുടർന്നു. 18 കി.മീറ്റർ പിന്നിട്ട് ഞങ്ങൾ അതിരപ്പിള്ളിയിലേക്ക് ക്ഷണിക്കുന്ന ബോർഡിനുമുന്നിലെത്തി. ഞങ്ങളുടെ വഴികാട്ടിയായ നാരായണൻ അങ്കിൾ ഞങ്ങളെ കാടിനുള്ളിലേക്ക് നയിച്ചു. കുത്തനെയുള്ള ഇറക്കമാണ്. പോകും വഴി കേൾക്കാം അതിരപ്പിള്ളിയുടെ ഗാനം.ചാർപ്പ റെയ്ഞ്ചിലാണ് അതിരപ്പിള്ളി. അതിരപ്പിള്ളിയെ കണ്ടപ്പോൾ ആകാശത്തുനിന്ന് വെളുത്ത മേഘം പാറക്കെട്ടികളിൽ വീണ് ചിന്നിച്ചിതറുന്നതുപോലെയുണ്ടായിരുന്നു. അതിരപ്പിള്ളിയുടെ കൂടെ ഫോട്ടോയ്ക്ക് പോസ് ചെയ്തു. മൺസൂണിൽ കുളിച്ചുനിൽക്കുന്ന ആ സുന്ദരിയെ വെറുതെ നോക്കിനിൽക്കാൻ നല്ല രസം....

അതിരപ്പിള്ളിയുടെ ലാവണ്യം മനസ്സിലാവാഹിച്ച് ഞങ്ങൾ യാത്ര തുടർന്നു. തുടർന്നുള്ള യാത്രയിൽ എണ്ണപ്പനത്തോട്ടങ്ങളുണ്ടായിരുന്നു. ഇനി യാത്ര മഴക്കാടുകളിലേക്കാണ്. 5 കി.മീറ്റർ പിന്നിട്ടാൽ വാഴച്ചാലിൽ എത്താം.വാഴച്ചാലിലേക്കുള്ള വഴിയിൽ റോഡിനോട് ചേർന്ന് ചിരിച്ചൊഴുകുന്ന ചാർപ്പ വെള്ളച്ചാട്ടം. അതിരപ്പിള്ളിയുടെ അനുജത്തിയാണ് വാഴച്ചാൽ. സൗമ്യമായ താളത്തിലൊഴുകുന്ന സുന്ദരിയാണവൾ.

വാഴച്ചാലിന് വിട. പെരിങ്ങൽഡാമാണ് അടുത്ത ലക്ഷ്യം. 12 കി.മീറ്റർ പിന്നിടണം.വളഞ്ഞുപുളഞ്ഞു കിടക്കുന്ന കയറ്റമുള്ള റോഡ്. മലയുടെ മുകളിൽ ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ മുറ്റത്താണ് ബസ് നിർത്തിയത്. ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ ബംഗ്ലാവിനെക്കുറിച്ച് നാരായണൻ അങ്കിൾ വിശദീകരിച്ചു.

മരപ്പലകയിൽ തീർത്ത തറയിൽ പ്രത്യേകരീതി-
യിൽ വല ചേർത്തുവച്ച് വായു സഞ്ചാരം നടത്തി മുറിയിൽ തണുപ്പ് നിലനിർത്തുന്ന സൂത്രം. ബംഗ്ലാവിന്റെ മുറ്റത്ത് നിന്ന് നോക്കിയാൽ കാണാം , പെരിങ്ങൽ ഡാമിന്റെ മനോഹര ദൃശ്യം. പെരിങ്ങൽ കുത്തിൽ നിന്ന് ഭക്ഷണം കഴിച്ച് നേരെ ആനക്കയം ,ഷോളയാർ വഴി മലക്കപ്പാറയിലേക്ക്. കാട്ടാനകളെക്കുറിച്ചായിരുന്നു യാത്രയിലുടനീളം സംസാരം. മഴ തുടങ്ങിയാൽ ആനയെക്കാണാനുള്ള സാധ്യത കുറവാണ്. കാഴ്ചകൾ കണ്ട് ആസ്വദിച്ച് വീണ്ടും കാടിന്റെ ഇരുട്ടിലേക്ക്.....തേനെടുക്കാൻ ആദിവാസികൾ മുളക്കോലുകൾ കയറ്റി-
വച്ചിരിക്കുന്ന വലിയ മരങ്ങൾ ചുറ്റിലും കാണാം.

എട്ട് കിലോമീറ്റർ താണ്ടി ആനക്കയത്തെത്തി. പേര് സൂചിപ്പിക്കുന്ന പോലെ ആനകൾ വെള്ളം കുടിക്കാനെത്തുന്ന ഇടമാണിത്.അങ്ങനെ ആനകളെയും കണ്ട് അവിടെനിന്നും 1 കി.മീറ്റർ പിന്നിട്ട് ഞങ്ങൾ ഷോളയാർ ഡാമിലെത്തി. അവിടം നല്ല തണുപ്പായിരുന്നു. എങ്കിലും ഷോളയാർ ഡാമിൽ നിന്നു വിടുന്ന വെള്ളം കുത്തിയൊഴുകി പോകുന്ന മനോഹര ദൃശ്യം കണ്ട് ആസ്വദിക്കുമ്പോൾ തണുപ്പ് അറിഞ്ഞതേയില്ല.

അടുത്ത സ്റ്റോപ്പ് തോട്ടപ്പുര വ്യൂ പോയിന്റ്.ഇവിടെ നിന്നാൽ ലോവർ ഷോളയാർ ഡാമിന്റെ കാഴ്ചപൂർണമായും ആസ്വദിക്കാം.അവിടെഅങ്ങിങ്ങായി ഉയർന്നുനിൽക്കുന്ന മരക്കുറ്റികൾ കാണാമായിരുന്നു. അത് ഡാം വരുന്ന കാലത്ത് മുറിച്ച മരങ്ങളുടെ അടയാളമാണെന്ന് നാരായണൻ അങ്കിൾ വിശദീകരിച്ചു.

മലക്കപ്പാറയിലെ തേയിലത്തോട്ടമാണ് അടുത്ത ലക്ഷ്യ സ്ഥാനം. ഷോളയാരിൽ നിന്ന് 23 കിലോമീറ്റർ. വാഴച്ചാൽ കഴിഞ്ഞാൽ പിന്നെ ജനവാസ മേഖല മലക്കപ്പാറയിലാണ്. തേയിലത്തോട്ടങ്ങളുടെ നടുവിൽ നിൽക്കുന്നസുന്ദരിപെൺകൊടിയാണ് മലക്കപ്പാറ

.അതിനിടയിൽ അങ്ങിങ്ങായി സിൽവർ ഓക്ക് മരങ്ങൾ. തേയിലത്തോട്ടത്തിലെ താപനില ക്രമീകരിക്കാനാണ് ഇടയ്ക്കിടെ സിൽവർ ഓക്ക് മരങ്ങൾ നട്ടിരിക്കുന്നതെന്ന് നാരായണൻ അങ്കിൾ പറഞ്ഞു. മലക്കപ്പാറ ചെക്ക്പോസ്റ്റിനപ്പുറം തമിഴ്നാടാണ്. അവിടെനിന്ന് ഒരു ചായ കുടിച്ച്

ക്ഷീണം മാറ്റി. യാത്രയ്ക്കവിടെ വിരാമം.

അങ്ങനെ കണ്ട് പോയ എല്ലാ സ്ഥലങ്ങളുടെയും സൗന്ദര്യം മനസ്സിലാവാഹിച്ച് ചാലക്കുടിയിലേക്ക് തിരിച്ചു.

മരിയ ജോസ്

IX B

## അധ്വാനം സമ്പത്ത്



സമൂഹത്തിൽ അധ്വാന വർഗ്ഗത്തിൻ
പ്രതിനിധി ആയിട്ടും കർഷകർ
എന്നെന്നും അധ്വാനിക്കും
രാപ്പകലില്ലാതെ,
ദ്രവ്യമൊന്നുമില്ലാതെ
എന്തിനീമണ്ണിനെ സേവിച്ചിടുന്നു നീ
മണ്ണിൽ അധ്വാനിക്കും നീ
വിണ്ണിൽ ചാഞ്ഞുറങ്ങും നീ
ഈ മണ്ണിൽ വഞ്ചിതനായി മാറുന്നു
നീ ചെയ്യും നന്മകൾ
ഓർത്തിടാത്തവർ
നിന്നെയും മണ്ണിനേയും
ഒരുപോൽ ദ്രോഹിക്കുന്നു.

രേഷ്മ ജോർജ്ജ് VII B

# ഏപ്രിൽ ഫൂൾ



"അന",അമ്മൂമ്മയുടെ നീണ്ട വിളികേട്ടാണ് അവൾ കിടക്ക വിട്ട് എഴുന്നേറ്റത്.അടുക്കളയിൽ പാചകം ചെയ്യുന്നതിനിടയിലാണ് അമ്മ അവളെ വിളിച്ചത്.അന കണ്ണ് തിരുമ്മിക്കൊണ്ട് അമ്മയുടെ അടുത്തെത്തി.അമ്മ പറഞ്ഞു."അന,നിന്റെ കണക്കിന്റെ നോട്ട്ബുക്ക് കഴിഞ്ഞയാഴ്ച എലി കരണ്ടുതിന്നിട്ട് ടീച്ചറിന്റെ വഴക്കുകേട്ടില്ലേ നീ.ആ എലിയെ എലിപ്പെട്ടിയോടെ മുറ്റത്ത് വച്ചിട്ടുണ്ട്.പോയി കണ്ടിട്ടു വാ."

അന സന്തോഷത്തോടെ മുറ്റത്തേക്കോടി.എലി കരണ്ടു തിന്ന നോട്ട് ബുക്കും ടീച്ചറുടെ ശകാരവും അവളുടെ മനസ്സിൽ ദേഷ്യത്തിന്റെയും പകയുടെയും പുൽനാമ്പുകൾ മുളപ്പിച്ചു.മുറ്റത്തെത്തിയ അന ചുറ്റിനും നോക്കി.അവിടെ എലിയും ഇല്ല എലിപ്പെട്ടിയും ഇല്ല.മുറ്റം ശൂന്യം.ഈ സമയം പല്ലില്ലാത്ത മോണക്കാട്ടി ചിരിച്ചുകൊണ്ട് അവളുടെ പിന്നാലെ വന്ന മുത്തശ്ശി അവളോട് പറഞ്ഞു "അന മോളേ,നീ ഇത്ര മണ്ടിയാണോ,ഇന്ന് ഏപ്രിൽ ഫൂളല്ലേ.അവൾ നിന്നെപറ്റിച്ചതാ".അനവിന് അപ്പോഴാണ്ആ ദിവസത്തിൽ സംഭവിക്കാവുന്ന അമളി മനസ്സിലായത്.

സ്വഫ യാസ്മിൻ

V B

# മാന്ത്രിക തൊപ്പി



പണ്ട് ഒരു ചെറിയ പട്ടണത്തിലെ ഒരു വീട്ടിൽ ബാലു എന്ന് പേരുള്ള ഒരു കൊച്ചു പയ്യൻ താമസിച്ചിരുന്നു. അവൻ തന്റെ അച്ഛനെ കച്ചവടത്തിൽ സഹായിച്ചിരുന്നു. സാധനങ്ങൾ അതി വേഗത്തിൽ വിൽക്കുന്നതിൽ അവന് വലിയ മിടുക്കായിരുന്നു. എപ്പോഴും ലാഭവും ഉണ്ടാകും. ഒരു ദിവസം അവന്റെ അച്ഛനും അമ്മയും ഒരു അത്യാവശ്യ കാര്യത്തിനായി പട്ടണത്തിൽ പോകേണ്ടി വന്നു.


അന്ന് വൈകുന്നേരം അവന്റെ അമ്മാവൻ അവനെ കാണാനായി വന്നു.ബാലുവിന് അവന്റെ അമ്മാവനെ കണ്ടപ്പോൾ വലിയ സന്തോഷമായി. അമ്മാവൻ അവന് രുചിയുള്ള ഭക്ഷണം ഉണ്ടാക്കി കൊടുത്തു. അവന്റെ അച്ഛനും അമ്മയും നാളയേ വരുകയുള്ളൂ എന്ന് അവൻ അമ്മാവനോട് പറഞ്ഞു. അമ്മാവൻ അവന്റെ വീട്ടിൽ കിടക്കാം എന്ന് പറഞ്ഞു. ബാലുവിന് സന്തോഷമായി. പിറ്റേന്ന് തിരിച്ചു പോകാനൊരുങ്ങുമ്പോൾ അമ്മാവൻ അവനോട് പറഞ്ഞു:"മോനേ ഞാൻ നിനക്ക് ഒരു സമ്മാനം കൊണ്ട് വന്നിട്ടുണ്ട്". "അമ്മാവൻ അവന് ഒരു തൊപ്പി നൽകി. ബാലുവിന് ദേഷ്യം വന്നു.ഇതെന്താ അമ്മാവാ ഒരു പഴയ തൊപ്പിയോ".ബാലു ചോദിച്ചു. ഇത് ഒരു സാധാരണ തൊപ്പിയല്ല. ഇത് ഒരു മാന്ത്രിക തൊപ്പിയാണ്.അമ്മാവൻ അവനോട് പറഞ്ഞു.അവന് പറഞ്ഞത് വിശ്വാസം വന്നില്ല.അപ്പോൾ അമ്മാവൻ ബാലുവിന്റെ തലയിൽ തൊപ്പിവെച്ചിട്ട് തിരിച്ചെടുത്തു. അപ്പോൾ അതിൽ ഒരു സ്വർണ്ണ നാണയം പ്രത്യക്ഷപ്പെട്ടു. അത് കണ്ടപ്പോൾ

ബാലുവിന് മാന്ത്രിക തൊപ്പിയുടെ കാര്യത്തിൽ വിശ്വാസമായി. അമ്മാവൻ ഒരു കാര്യം കൂടി അവനെ ഓർമ്മപ്പെടുത്തി;"ഇത് ഒരുപാട് ഉപയോഗിക്കുവാൻ പാടില്ല. മൂന്നു ദിവസത്തിൽ ഒരിക്കൽ മാത്രമേ ഉപയോഗിക്കാവൂ.... അധികമായി ഉപയോഗിച്ചാൽ ഉപയോഗിക്കുന്ന ആളിന്റെ ശരീരം ചെറുതാകുന്നതായിരിക്കും".ഇത് പറഞ്ഞ് അമ്മാവൻ പോയി.

ബാലു തൊപ്പി ഉപയോഗിച്ച് ധാരാളം പണം ഉണ്ടാക്കി. എന്നാൽ ദിവസങ്ങൾ കഴിയുന്തോറും അവൻ മാന്ത്രിക തൊപ്പി ധാരാളമായി ഉപയോഗിക്കുവാൻ തുടങ്ങി. അവനറിയാതെ തന്നെ അവന്റെ വലുപ്പം  കുറയുന്നുണ്ടായിരുന്നു.അവൻ ചെറുതായി ചെറുതായി തീരെ കുഞ്ഞതായി. എന്തു ചെയ്യണമെന്ന്  ബാലുവിന് നിശ്ചയമില്ലായിരുന്നു. അവസാനം മാന്ത്രിക തൊപ്പിതന്നെ അവനോട് അതിനുള്ള പരിഹാരം പറഞ്ഞു. മാന്ത്രിക തൊപ്പിവഴി ഉണ്ടാക്കിയ പണം പാവപ്പെട്ടവർക്കും അനാഥകുട്ടികൾക്കുമായി ചിലവഴിക്കാൻ തൊപ്പി ആവശ്യപ്പെട്ടു.മാന്ത്രിക തൊപ്പി പറഞ്ഞ-തു പോലെ ബാലു ചെയ്തു. അതിന് പരിഹാരമായി  തൊപ്പി അവനെ പഴയതു പോലെ ആക്കി മാറ്റി. തന്റെ തെറ്റു മനസ്സിലാ-ക്കിയ ബാലു പാവപ്പെട്ടവർക്കും അനാഥകുട്ടികൾക്കുമായി തന്റെ ജീവിതം മാറ്റി വെച്ചു.

നിയ ആന്റണി
VI C

# മഴ



സ്നേഹം തന്നൊരു മഴ ആകാശത്തി-

ലെ മേഘങ്ങളെ തലോടി സ്നേഹത്തി-

ന്റെ ഇടയിലൂടെ തഴുകി നറുമുത്തുകളായി

താഴെ ഭൂമിയിൽ എത്തി മണ്ണിലലിയുന്ന

നറുസുഗന്ധം സ്നേഹത്തെ കൂട്ടിച്ചേർക്കും

അമ്മതൻ സ്നേഹവും അച്ഛൻ വാത്സല്യം

ഒത്തുച്ചേരുന്ന കുടുംബം ആകാശത്തുനിന്ന്


പൊഴിയുന്ന നറു മുത്തായ മഴ പോലെയാണ്

അൽക ലൈജു

VI C

# പ്രഥമ പ്രതിശ്രുതി

മലയാളി വായനക്കാർ ഹൃദയത്തിൽ സ്വീകരിച്ച ബംഗാളി സാഹിത്യകാരി ആശാപൂർണ്ണദേവിയുടെ പ്രശസ്ത നോവലാണ് പ്രഥമ പ്രതിശ്രുതി.




അശാസ്ത്രീയവും യുക്തിരഹിതവുമായ ആചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങിക്കിടന്ന ബംഗാളിലെ ബകുൾമാരുടെയും പാറുൾമാരുടെയും ചരിത്രമാണ് ഈ നോവൽ.ഇന്നത്തെ ബംഗാളിനു പിന്നിൽ അമ്മമാരുടെയും അമ്മൂമ്മമാരുടെയും വർഷങ്ങൾ നീണ്ടു നിന്ന സമരത്തിന്റെ സംഘർഷചരിത്രമുണ്ട്.കണ്ണുനീരിന്റെയും ദുര- ന്തങ്ങളുടെയും മുൾവഴികളിലൂടെ സഞ്ചരിച്ച് ബംഗാളിലെ സ്ത്രീവിമോചനത്തിന്റെ പ്രഥമ വാഗ്ദാനമായി മാറിയ സത്യവതിയെന്ന കഥാപാത്രത്തിന്റെ കഥയാണ് പ്രഥമപ്രതിശ്രുതിയിലൂടെ ആവിഷ്ക്കരിക്കുന്നത്.

ഇരുണ്ടവശങ്ങൾ ചിത്രീകരിച്ച് വായനക്കാരുടെ മുമ്പിൽ യാഥാർത്ഥ്യബോധം സൃഷ്ടിക്കുകയും,വെളിച്ചത്തിനുവേണ്ടിയിള്ള അദമ്യമായ അന്തർദ്ദാഹം ഉളവാക്കുകയും ചെയ്യുകയാണ് ആശാപൂർണദേവിയുടെ ലക്ഷ്യം.

ഇന്നത്തെ തലമുറക്ക് അവിശ്വസനീയമെന്ന് തോന്നത്തക്കവണ്ണം അശാസ്ത്രീയമായ ആചാരാനുഷ്ഠാനങ്ങളാണ് അന്ന് സാമൂഹികാന്തരീ- ക്ഷത്തിൽ കൊടികുത്തിവാണിരുന്നത്. സ്ത്രീകളോടുള്ള പെരുമാറ്റം അസഹനീയമാംവണ്ണം ക്രൂരത നിറഞ്ഞതും മനുഷ്യത്വഹീനവും ആയിരുന്നു.കഠോരമായ സാമൂഹീക ബന്ധനങ്ങളുടെ

ഇരുമ്പുചട്ടക്കൂട്ടിനുള്ളിൽ കിടന്നു പിടഞ്ഞ മനുഷ്യാത്മാക്കൾ മോചനത്തിനുവേണ്ടികേണു.ചീഞ്ഞളിഞ്ഞ അനാചാരങ്ങൾക്ക് അറുതിവരുത്താനും പുതിയൊരു സാമൂഹീക വ്യവസ്ഥിതി സ്ഥാപിക്കാനും വേണ്ടി മുന്നിട്ടിറങ്ങിയ ആദ്യകാല പ്രവർത്തകർക്ക് യാഥാസ്ഥിതിക സമൂഹത്തിന്റെ ക്രൂരത സഹിക്കേണ്ടി വന്നു.പീഡനങ്ങൾ സഹിച്ചും പ്രതികൂല സാഹചര്യങ്ങളെ നേരിട്ടും ലക്ഷ്യത്തിലേക്ക് മുന്നേറിയതിന്റെ ഫലമായി സ്ത്രീലോകത്തിനു പുതിയ ആകാശവും പുതിയ ഭൂമിയും കൈവരിക്കാൻ കഴിഞ്ഞു. അബലയെന്നും ചപലയെന്നും മുദ്രകുത്തപ്പെട്ട  പുരുഷന്റെ അടിമയായി നിഴലിൽ കഴിയേണ്ടിവന്ന സ്ത്രീയെ ശക്തിസ്വരൂപിണിയാക്കി മാറ്റുവാനുള്ള ശ്രമമാണ് 'പ്രഥമ പ്രതിശ്രുതി'യിൽ നാം കാണുന്നത്.ബംഗാളിലെ സ്ത്രീസമൂഹത്തിന്റെ വിമോചനത്തിന്റെ പ്രഥമവാഗ്ദാനമായിട്ടാണ് സത്യവതിഎന്ന നായികയെ ചിത്രീകരിച്ചിരിക്കുന്നത്.

ബംഗാളിലെ ചാറ്റർജികുടുംബത്തിലെ നാഡിപരിശോധകൻ എന്ന് അറിയപ്പെടുന്ന ബ്രാഹ്മണ വൈദ്യൻ രാമകാളി ചാറ്റർജിയുടെ-യും,ഭുവനേശ്വരിയുടേയും മകളായിരുന്ന ഈ നോവലിലെ കേന്ദ്ര കഥാപാത്രമായ സത്യവതി.തന്റെ ഏകസന്താനം ആയതുകൊണ്ട് തന്നെ രാമകാളി സത്യവതിയെവളരെ അധികം സ്നേഹിക്കുകയും ലാളിക്കുകയും അവളെ എല്ലാ കാര്യത്തിനും പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.അതിനാൽ ചെറുപ്പത്തിലെ തന്നെ സത്യവതി തന്റേടിയായാണ് വളർന്നത്.സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്ന കാലഘട്ടത്തിൽ അത് നേടിയെടുക്കാനായുള്ള സത്യവതിയുടെ പരിശ്രമം നമുക്ക് ഈ നോവലിൽ കാണാവുന്നതാണ്.അലസനായിരുന്ന തന്റെ സഹോദരനെ വിദ്യ അഭ്യസിപ്പിക്കുന്നത് ഒളിഞ്ഞും തെളിഞ്ഞും നിന്നുകൊണ്ട് പഠിച്ചെടുക്കുന്ന മിടുക്കിയായ സത്യവതിയെ നമ്മുക്കീ നോവലിൽ കാണാൻ സാധിക്കുന്നതാണ്.സമൂഹത്തിലെ അനീതികൾക്കെതിരെ ശബ്ദമുയർത്തുകയും പോരാടുകയും ചെയ്യുന്നവളായി സത്യവതി

നോവലിൽ തെളിയുന്നു. എന്നിരുന്നാലും അവസാനഘട്ടത്തിൽ സുവർണ്ണ എന്ന തന്റെ 8 വയസ്സ് പ്രായമുള്ള മകൾ അച്ഛന്റെ വീട്ടിൽ അമ്മൂമയുടെ കൂടെ കുറച്ചുനാൾ നിൽകണമെന്ന് വാശിപിടിക്കുകയും തുടർന്ന് ദിവസങ്ങൾക്കു ശേഷം അവിടേക്ക് എത്തുന്ന സത്യവതിക്ക് കാണാൻ
കഴിയുന്നത് അമ്മായിയമ്മയും ബന്ധുമിത്രാദികളും ചേർന്ന് അവളുടെ ഭർത്താവിന്റെ അനുവാദത്തോട് കൂടി തന്റെ മകളുടെ വിവാഹം നടത്തുന്ന ഹൃദയഭേദകമായ കാഴ്ചയാണ്. ഇത് പോലെയുള്ള സത്യവതിമാർ ഒരുപാട് പരിശ്രമിച്ചതിന്റെ
ഫലമായാണ് അന്ന് നിലനിന്നിരുന്ന പല അനാചാരങ്ങളും പതിയെ പതിയെ എങ്കിലും ചോദ്യം ചെയ്യപ്പെടാനും ഇല്ലാതാക്കാനും കഴിഞ്ഞത്.

അന്നത്തെ കാലഘട്ടത്തിൽ ഇത്തരമൊരു നോവൽ എഴുതാൻ ആശാപൂർണ്ണദേവി കാണിച്ച ചങ്കൂറ്റം അതിശയിപ്പിക്കുന്നതാണ്.

വരും തലമുറയ്ക്ക് പ്രചോദനം നൽകുന്നതാണ് ആശാപൂർണ്ണ ദേവിയുടെ പ്രഥമ പ്രതിശ്രുതി .

**ആൻ മരിയ ജോൺ**

**VII D**

# മഴയേ വരാമോ.....



വിണ്ണിൻ മടിത്തട്ടിൽ നിന്ന് ഭൂമി-
മാതാവിൻ അങ്കണത്തിലേക്ക്
ആഹ്ലാദാരവങ്ങളേറ്റ്
വാങ്ങിക്കൊണ്ടിതാ

മഴമുത്തുകൾ വന്നെത്തി.
മനുഷ്യമനസ്സിൽ കുളിർമ്മയേകി
മരങ്ങും തുളസ്സിയും പുഷ്പത്തെ രസിപ്പിച്ച്
മൃഗപക്ഷിലദാതികളെ രസിപ്പിച്ചുകൊണ്ടിതാ

മഴമുത്തുകൾ വന്നെത്തി.

ഹാ...ഇതാ വരണ്ട ജനനിയെ കുളിപ്പിക്കുവാൻ
ഭൂമിയിലേക്ക് ആണ്ടിറങ്ങുവാൻ
മന്ദഹസിപ്പിക്കുവാൻ ആഹ്ലാദിപ്പിക്കുവാൻ

മഴമുത്തുകൾ വന്നെത്തി.

വീട്ടിലെ കുഞ്ഞുമക്കൾക്ക് പുതിയൊരനുഭവ-

മായി മാറിയീ മഴ.

അങ്കണത്തിലിതാ തീർഥങ്ങൾ രൂപപ്പെട്ടിരി-

ക്കുന്നുവെന്ന് അവർ മൊഴിഞ്ഞു.
ആ മഴയിൽ നിന്ന് തീർഥങ്ങളും തുടർന്ന്

പുഴയും രൂപപ്പെടുകയായിരുന്നു.
കളി വഞ്ചികൾ മണ്ണിന്റെ മണമറിഞ്ഞ

മഴവെള്ളപാച്ചിലിലൂടെ കളിച്ചുരസിക്കുന്നു.

മഴ... മഴ വന്നെത്തി എന്ന ആരവം,
മഴയേ നിർത്തു മഴയേ അവസാനിപ്പിക്കു
എന്നു പറയുവാൻ ഒരുങ്ങി മനുഷ്യച്ചുണ്ടുകൾ

കളി വഞ്ചികൾ വീട്ടിനകത്തുകൂടതാ ഒഴുകുന്നു.
സർപ്പത്തിൻ വാസമായി മാറിയ ആ വീടുകൾ
മനസ്സിൻ ഉള്ളറയിൽ ഒരായിരം ശാപം ഏറ്റു-
വാങ്ങി വിണ്ണിൻ മടിത്തട്ടിലിരുന്ന ആ
മഴമുത്തുകൾ ഇവിടെ.......
വിദ്യപകരുവാൻ അദ്ധ്യാപകരെത്തുന്ന
വിദ്യാലയങ്ങൾ വീടാക്കിമാറ്റേണ്ടി വന്നു
വിദ്യാർത്ഥികൾക്ക്, മഴയേ
വിഷമുള്ള സർപ്പമായി കാണേണ്ടി വരുന്നുവോ
അത് ഭൂമിയെ ഒന്നടങ്കം  വിഴുങ്ങുമോ ?
മഴക്കെടുതി അത് എവിടെയും അവസാനിക്കു-
ന്നു.താൽകാലികമായി നിർത്തിവെയ്ക്കാമോ
മഴ മറുപടിനൽകും ഞാൻ നിങ്ങളിൽ നിന്ന്
വിട്ടുമാറുന്ന നിമിഷം മുതൽ വേനൽ
നിങ്ങളെ വേട്ടയാടാനാരംഭിക്കും
അന്ന് നിങ്ങളുടെ ചുണ്ടുകൾ പറയും
"മഴയേ നീ ഒന്നു വന്നെങ്കിൽ
ഈ വരണ്ട ഭൂമിയെ തണുപ്പിക്കാൻ"

ശിഫ ഫാത്വിമ എസ്

IX  D

# സ്നേഹം

ജീവന്റെ ചെപ്പുകൾ മനസ്സിന്റെ വക്കത്ത്
വഞ്ചിയായ് വന്നൊരീ നന്മസ്നേഹം
പാപികൾക്കെന്നെന്നും ആശ്രയമാകുന്ന
ജീവിതത്തിന്റെ ഒരു വഞ്ചിയായി

ജീവന്റെ ഓളങ്ങൾ തൊട്ടുതലോടുന്ന
നറുമുത്തുകൾപോലയാ, നന്മസ്നേഹം
ശത്രുക്കളെതമ്മിൽ മിത്രങ്ങളാക്കുന്ന
ജീവന്റെആഴമാണ് നന്മസ്നേഹം.

ആലിലകളില്ലൂടൂർന്നൊഴുകും സ്നേഹം
ആനന്ദമൊഴിയുടെ ആരവം താൻ .
സ്നേഹിക്കുവിൻ കൂട്ടരേ പൂന്തോട്ടത്തിലെ
പൂവിനെപോലെ പ്രകാശിക്കുവിൻ.

കൃഷ്ണ.ബി.നാഥ്
VI E

# സ്നേഹം മനസ്സിലാക്കാത്താവർ

ഒരിക്കൽ ഒരു നാട്ടിൽ ഒരു ദരിദ്ര കുടുംബവും ഒരു സമ്പന്ന കുടുംബവും താമസിച്ചിരുന്നു ആ ദരിദ്ര കുടുംബത്തിൽ അമ്മയും ഒരു

പെൺകുട്ടിയും മാത്രമാണ് താമസിച്ചിരുന്നത് ആ അമ്മയും പെൺകുട്ടിയും ഒരു അച്ഛന്റെയും ഭർത്താവിന്റെയും സ്നേഹം അറിഞ്ഞിട്ടു

വർഷങ്ങൾ ഏറെയായി.അവരുടെ അച്ഛൻ അവരെ കാണാൻ വരുന്ന

വഴി ഒരു അപകടത്തിൽപ്പെട്ട് മരണമടഞ്ഞു.അച്ഛൻ പോയതോടെ

അവളുടെയും അമ്മയുടെയും ജീവിതം മുന്നോട്ടു പോവുക

പ്രയാസമായി.അതു കൊണ്ട് അവളുടെ അമ്മ അവരുടെ അടുത്ത് താമസിച്ചിരുന്ന ധനിക കുടുംബത്തിൽ അഭയം

അന്വേഷിച്ചവിടെച്ചെന്നു.അവിടെ അച്ഛനും അമ്മയും പെൺകുട്ടിയും

അവളുടെ അനിയനും മാത്രമാണ് താമസിച്ചിരുന്നത്.അവിടെ ആ

അമ്മയെ അവർ വേലക്കാരിയായി സ്വീകരിച്ചു.

അന്നു മുതൽ അവർ അവിടെ ജോലിചെയ്തു. അങ്ങനെ അവിടത്തെ

സ്ഥിരം ജോലിക്കാരിയായി മാറി.ഒരിക്കൽ മകൾ അവളുടെ അമ്മ-

യോടൊപ്പം ഇരിക്കുകയായിരുന്നു. അവൾ അമ്മയോടു ചോദിച്ചു

"അമ്മേ...അമ്മ അവിടെച്ചെന്നിട്ട് കുറെ മാസങ്ങളായി എന്നാലും

ഇതുവരെയായിട്ടും അമ്മ അവിടുത്തെ വിശേഷങ്ങൾ പറഞ്ഞിട്ടില്ല"അമ്മ

അവളെ നോക്കി പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു "മോളെ... അവിടെ

ബംഗ്ലാവുപോലെയാണ് കുറെ മുറികൾ ജനാലകൾ,വാതിലുകൾ

ഒക്കെയുണ്ട് . "അവൾ പറഞ്ഞു "ഓ എങ്കിൽ അവിടം സ്വർഗ്ഗമായിരിക്കും

അല്ലേ അമ്മേ? അവിടെ എല്ലാ സൗകര്യങ്ങളുമുണ്ട് പക്ഷെ എല്ലാവരും സ്വന്തം കാര്യം മാത്രം നോക്കുന്നു.അവിടുത്തെ അച്ഛൻ രാപ്പകൽ ഇല്ലാതെ ജോലിയെടുത്താണ് രാത്രി വീട്ടിൽ എത്തുന്നത്. ആ വീട്ടിൽ അച്ഛന് ഒരു പ്രാധാന്യവും ഉണ്ടായിരുന്നില്ല.ഒരു വിലയും അവർ കൽപ്പിച്ചിരുന്നില്ല. "അച്ഛന്റെ വില മനസ്സിലാക്കാത്തവർ ഭാവിയിൽ ദു:ഖിക്കും....."



അൽഫിയ എസ്

VI C

# വീണ്ടും തളിർക്കുമീ ചില്ലകൾ

"ഒരുപാട് പ്രതീക്ഷകളുണ്ട് സാറേ,പക്ഷേ....

ഉണ്ണിയുടെ കണ്ണുകളിൽ നിന്നും പ്രതീക്ഷയുടെയോ,നഷ്ടബോധത്തിന്റെയോ കണ്ണുനീർ തുള്ളികൾ അടർന്നുവീണു.ആ കണികൾക്കുള്ളിൽ ഉണ്ണിയെന്ന കുട്ടിയുടെ ജീവിതസായാഹ്നങ്ങൾ കുറിച്ചിട്ടിട്ടുണ്ടായിരുന്നു.വേണുമാഷ് അവന്റെ പ്രത്യാശയുടെ നാമ്പായിരുന്നു.അദ്ദേഹം തന്റെ ശിഷ്യനെ നെഞ്ചോടു ചേർത്തു.ആ നിമിഷം അവർ തമ്മിലുള്ള സൗഹൃദസംഭാഷണം ഇരു മിഴികളുംകൈമാറുന്നുണ്ടായിരുന്നു.



സ്കൂൾ മണി മുഴങ്ങി. കുട്ടികൾ തങ്ങളുടെ വീട്ടിലേക്ക് മടങ്ങി.വയൽ മധ്യത്തിലുള്ള ഒരു ചെറുകുടിൽ.ചുറ്റും സ്വർണ്ണക്കതിർക്കുലകൾ ചൂടിനിൽക്കുന്ന നെന്മണികൾ.അവയെ തേടി എത്തുന്ന ചെറുകുരുവികൾ.പ്രകൃതി പൊതുവെ ശാന്തമായിരിക്കുന്നു.നല്ല തണുപ്പുള്ളതിനാൽ പ്രപഞ്ചമാകെ ആഹ്ലാദത്തിലാഴുന്നു.വയൽ മധ്യത്തിലുള്ള പാതയിലൂടെ ഉണ്ണി നടക്കുന്നു.എപ്പോഴും ഉള്ള സന്തോഷമോ ആഹ്ലാദമോ അവനിൽ കാണാനായില്ല. മുഖത്ത് സങ്കടത്തിന്റെ അജ്ഞത ഒളിഞ്ഞു കിടക്കുന്നുണ്ടായിരുന്നു.കരച്ചിൽ വട്ടുകെട്ടിയ മുഖം ചുറ്റുപ്പാടിനെയാകെ ദു:ഖിതരാക്കി കാരണം അവന്റെ ഉറ്റവർ പ്രകൃതി മാത്രമായിരുന്നു.അവന്റെ

സ്വന്തം അമ്മയെ കാണാൻ ഏറെ മോഹിച്ചിരുന്നു......പക്ഷേ ഈ മോഹങ്ങളോക്കെയും ജീവിതം തനിക്കായി മാറ്റിവെച്ച സാഹചര്യങ്ങളാണ് എന്നുള്ള മഹാസത്യത്തെ ഏറ്റെടുക്കാൻ ഉണ്ണിക്ക് സാധിച്ചില്ല.അതിന്റെ കാഠിന്യം ഏറെ മനസ്സിലാക്കി-യത് "കാൻസർ"എന്ന മാരകരോഗം തന്നെ പിടിപ്പെട്ടിരിക്കുന്നു എന്നറിഞ്ഞ നിമിഷമാണ്.

ജീവിതസത്യം തിരിച്ചറിയാൻ തനിക്കായി ഒരു ജന്മം പ്രപഞ്ചമിനിയും കൂടെയൊരു വിളക്കായി കാണുമെന്ന ശുഭാപ്തി വിശ്വാസത്തിൽ,ആ കുട്ടി മൂല്യബോധമുള്ള നിമിഷങ്ങ-ളിലേക്ക് ചുവടെടുത്തു വെച്ചു.അവന്റെ സ്വപ്നസാഫല്യത്തിനായി വേണുസാർ 'തണൽമരമായി' അവന് ചുറ്റും തളിർത്തുനിന്നു. ലോകത്തിന്റെ ഏതോ കോണിൽ നിന്നും ഒരു അദൃശ്യ ശക്തി അവൻ ആവാഹിച്ചെടുത്തു.ആരോരുമില്ലാത്ത അനാഥമാക്ക-പ്പെട്ട 'ഞാനെന്ന' യാഥാർഥ്യത്തിന് ആത്മവിശ്വാസത്തിന്റെ പുതുജീവൻ നൽകിയ സമൂഹത്തിന്റെ ധീരയോദ്ധാവാകാൻ വലിയ മഹാത്മാവാകാൻ അവൻ പ്രതിജ്ഞയെടുത്തു. സ്വപ്ന സാഫാല്യത്തിന്റെ സാധ്യതക്കായി പൂർണ്ണമനസ്സോടെ വെല്ലുവിളി-യെ നേരിട്ട ആ കുട്ടിയുടെ സഹായത്തിനായി ദൈവപ്രഭയും ആഗോള പ്രപഞ്ചവും പ്രതിജ്ഞ ഏറ്റുചൊല്ലി.

ആ വേരുകൾക്ക് മണ്ണിൽ ബലം നൽകികൊണ്ട് അവനിതാ ഒരു യോദ്ധാവായി മാറി. സൂര്യകിരണങ്ങൾ അവനി-ലേക്ക് ഉതിർന്നു വീണു. പ്രപഞ്ചമതാ കൂടുതൽ ശോഭയോടെ ജ്വലിക്കുന്നു. ആ ചുണ്ടുകളിൽ വിജയത്തിന്റെ മാധുര്യം.തന്റെ നി യോഗത്തിലേക്ക് കാൽവെക്കുന്നതിൻ മുമ്പേ തന്റെ ജീവനാഡിയാ-

യ് നിലനിന്ന സാറിനെ ഒന്നോർത്ത് കൊണ്ട് ആ ഹൃദയം വിതു-
മ്പി ......

ഒരായിരം കിനക്കളുമായി ആ പ്രതിഭ ലോകത്തി-
ന് വേണ്ടി പോരാട്ടുകയാണ്. മുന്നിലേക്കു വന്ന 'രോഗ'മെന്ന
തടസത്തെ പിഴിതെറിഞ്ഞു കൊണ്ട് ആ യുവാവ് ഇന്നൊരു
പോരാളിയായി യുദ്ധക്കളത്തിൽ. തിരമാലകളുടെ ഓരോ അലക-
ളിലും അവന്റെ ജീവിതം ഉണ്ടായിരുന്നു. ഒഴുകിയ പുഴയിലെ ഓ-
ളങ്ങളിലും,ഇരുണ്ട രാത്രിയിലെ നക്ഷത്രത്തിലും അവൻ അനശ്വ-
രനായി മാറി.

കഴിഞ്ഞുപോയ ഓർമ്മകൾ അവനെ തുവൽ
സ്പർശമെന്നോണം തഴുകിഉണർത്തി.ആത്മാർപ്പണബോധത്തിൽ
ആ വ്യക്തിത്വം കൂടുതൽ  മിഴിവേറിവന്നു.ലോകമൊന്നടങ്കം ആ
യുവ പുരുഷനെ വാഴ്ത്തി.ആത്മാഭിമാനത്തിൻ നിമിഷങ്ങൾ. അത്
ദൈവത്തിൽ നിന്നുള്ള ഉൾവിളിയായിരുന്നു.

യുദ്ധത്തിനിടയിൽ നെഞ്ചിലേക്കേറ്റ മുൾമുന,
അതിൽ നിന്നും ഉതിർന്ന രക്തക്കണങ്ങൾ,കണ്ണുനീർ
തുള്ളികൾക്കൊപ്പം ഒരു അഗ്നിജ്വാലയായി മണ്ണിലേക്ക്
പതിച്ചു.ഭൂമിയാകെ  ഒന്നു വിറച്ചു. ആഗോളപ്രപഞ്ചം ആദരാഞ്ജലി
ഗീതം മുഴങ്ങി. ആ ജവാൻ വീണ്ടും വർണ്ണശോഭയേറിയ നാളുകളിലേക്ക്
യാത്രയായ്............ഞാൻ സമർപ്പിക്കട്ടെ
എന്റെ ഹ്ദയവാക്യങ്ങൾ-'ജയ് ജവാൻ'.

-സുമയ്യ തസ്നീം
IX D

# പ്രകൃതിയോട്

കാണുന്നു നിന്നെ ഞാൻ ചെറുപുഞ്ചിരിയോടെ,

നിന്നിൽ വിടരും പുലരി എന്നെ തഴുകും നേരം,

ഉണരുന്നു ഞാനൊരു പുത്തൻ പ്രഭാതത്തിലേക്ക്.

കണ്ടുകണ്ടിരുന്നാലും തീരില്ല നിൻ സൗന്ദര്യം,

കാണാതിരിക്കുന്നവർക്കറിയില്ല നീയാരെന്ന്.

കടലിന്റെയാഴവും ആകാശമനന്തതയും

ചിന്തിക്കാനാഴത്തിൽ വിളിക്കയല്ലേ.

-സ്നേഹ പി വർഗ്ഗീസ്

IX C

# വീട്

വീടൊരു വിദ്യാലയം
ആദ്യത്തെ  വിദ്യാലയം
ആദ്യമായി നല്ലപാഠം
പഠിച്ച വിദ്യാലയം.
അമ്മയാണെന്റെ ഗുരു
പുണ്യയാമെന്റെ ഗുരു
നന്മയിൽ നടക്കാനായ്
വഴിതെളിച്ച ഗുരു.
അക്ഷരക്കൊട്ടാരത്തിൽ
ആദ്യമായ് ചെന്നനേരം,
കൈവിരൽ മുറുകെയായ്
കൂട്ടിപ്പിടിച്ച ഗുരു,
നന്മതൻ വിദ്യാലയം
ധന്യമാം വിദ്യാലയം
വീടല്ലോ വിദ്യാലയം
പുണ്യമാം വിദ്യാലയം.

-അനുപമ സുനിൽ മർക്കോസ്

IX.B

# സുപ്രഭാതം



നേരം വെളുത്തെന്നും
വെളുത്തില്ലെന്നും രണ്ടടക്കാപക്ഷി
നേരം വെളുത്തെങ്കിൽ
കിളിനാദം മുഴങ്ങിയേനേ

നേരം വെളുക്കുന്നിതാ പൊൻ-
പുലർക്കാല സൂര്യന്റെ വെട്ടം
കിഴക്കൻ ചക്രവാളത്തിൽ

നിന്നു വീഴ്കേ!
ഗ്രാമവാണിതൻ മുറ്റമടിച്ചു
വിളക്കുകൊളുത്തി ഈശ്വരന്റെ
സാന്നിധ്യമുള്ളൊരു നാടാക്കിമാറ്റി

സകലജീവജാലങ്ങളും ഭൂമിയുമു-

യർത്തെഴുന്നേൽക്കുന്നു.

കുരുവികൾ തത്തകൾ വാന-
മ്പാടികൾ നേരം വെളുത്തപ്പോൾ
പാടത്തു പോകുന്നു

നേരം വെളുത്തപ്പോൾ ഭൂമിക്കഭി-
വാദ്യം നേർന്നു മാനവൻ
എല്ലാവരും ഒറ്റ സ്വരത്തിൽ

ചൊല്ലി സുപ്രഭാതം.

-ദേവികൃഷ്ണ അജിത്ത്
IX C

# *A SLICE OF LIFE*

A time with out sorrow
each day looking for tomorrow
all day long is meant to play
and all day long my mom would lay
a sweet kiss upon my forehead
my mother was there always for me
and she'd spread joy everywhere
never did I shed a little tear
due to grief
that's a slice of life
when I remained as a baby
Another slice of life bloomed soon
and my danced with its tune
new friends and new trends
each day I was taken to school by daddy
sometimes  a little outburst of sadness
sometimes a little burst of happiness
now that's a slice of life too
when I got schooling

Then came a time
when I got every time on my shoulders
said my life ; its all an you
trapped in the miseries of the world
found it hard to even to let out a sigh
still I found hope in God,
and mom was there to lift me high
from the dark shadows lurking the skies

that's the slice of life I had
when adulthood seemed impossible to bear

Soon I found myself weak
needed help for everything
had to  call a millions names
to set me to walk,to sleep,to eat,to breath
still my cries remained unanswered
so many times did my own sake
I might of ending things
and find peace among the ashes
but hat was  something
so hard to do
for it would make my
meaningless life of more meaningless
and so I remained
all alone, left to rot
under the sun who's hot
now that's a slice of life too

so many lives left in front
as a warning
and so many times did I wanted
to live right
but the devil had caught me and
I was under his spells
which has ruined me to the fullest
wish I found a peck of light
wish I could walk back to her
and hold her tight never to let go
mom I really wish I had find your
love and had walked through the right path
these slices of life

I set before you
so that you can
walk through the light
to a land that never dies-tomorrow

Ayisha Bint Negim
VIII D

# BEAUTY IN GOD



I see beauty in god,

He is somewhere with the birds

Helping to make their nest.

He is somewhere with the ants

while they rest.

I see beauty in god,

He is somewhere with the animals

hunting for food .

He is somewhere with the people

begging for food.

He is beauty,he is God.

Fathima Nazrin

IX D

# THE BLIND GIRL



There was a blind girl who hated herself purely for the fact that she was blind by birth. She hated everyone except her loving mother because her mother helped her in all situations of her life.

Once her mother asked her to fulfil one wish. The girl asked what her wish was. Her mother asked, “When you can see the world,can you take me to my hometown?”The daughter agreed.

After few days someone donated a pair of eye to the blind girl. She could see everything including her mother. The most surprising fact was that her mother was blind too.

Her mother said, “now that you can see everything, please take me to my hometown as you promised. But her daughter refused. Her mother went away with pain in her heart.

After a few days,the girl received a letter from her mother which read, “take care of my eyes”. Her daughter felt guilty and went back to her mother. But it was too late.

Devi Krishna S

IX D

# SPEECH FOR  CHILDREN'S DAY

Dear Friends,
Fourteenth November is celebrated as Children's Day every year all over India. It is the birthday of Pundit Jawaharlal Nehru who was the first prime minister of independent India. He had given much importance for children's throughout his life and loved to talk to them. He always liked to be surrounded by children. He was very enthusiastic towards children's and their welfare,right,educational development in order to build a better nation. He was very inspiring and motivating in nature. He always inspired children's to work hard and to be brave. He was very much concerned about the wealth and welfare of the children in India,so he worked hard for their rights. He was called Cha cha Nehru by children because of his love and care towards them. His birthday began to be celebrated as Children's day all across India after his death in 1964.

The celebration of this day reminds us to renew our commitment towards children's welfare including proper health care,education,etc. It is an occasion to appropriate the qualities of childhood. Children are considered as the building block of a strong nation. We maybe small in size,but have the capability to change the nation. We are soon to be responsible for the development of our country. Children's Day programme also remind us about our rights. Sadly,there are still many children who are deprived of their basic rights for education and fulfilment of their needs. In India,we are still fighting social evils like child marriage and child labour. Along with proper education, we must also be well aware of any kind of abuse that may happen to us or to other children around us. It is important

to know how to tackle such situations and report them to a trusted adult or authorities.

Children are leaders of tomorrow and deserve to get respect,special care and protection from our parents, teachers and other members of their family. Let us join our hands together and take a pledge to help each other and secure the present and future of the countries leaders to make a beautiful nation. I wish all my dear friends a very happy Children's Day.

Afra Ashraf
IX.B

# രചനകൾ നൽകിയവർ





# പിന്നണി പ്രവർത്തകർ



# നന്ദി

ഈ സ്കൂൾ മാഗസിനിലേക്ക് സർഗാത്മഗചനക്കൾ സംഭാവന

ചെയ്ത സെന്റ് ജോസഫസ് ജി.എച്ച്.എസ്.എസ് ലെ

വിദ്യാർത്ഥിനി സുഹൃത്തുകൾക്കും ഇതിനായി സഹായിച്ച

ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്കും മാർഗനിർഗ നിർദേശങ്ങൾ

നൽകിയ അദ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി.

അസിസ്റ്റൻറ് എഡിറ്റർ

## വീണ.ജി